# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:6274

20.11.2019-ലെ മറുപടി

### ആലപ്പുഴ ജില്ലയിലെ കുടിവെള്ള പൈപ്പ് ലൈൻ തകരാർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.സി. ജോർജ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിൽ കഴിഞ്ഞ ആറ് മാസത്തിനിടയിൽ എത്ര തവണ ഏതൊക്കെ സ്ഥലങ്ങളിൽ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ തകരാറിലായിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ആലപ്പുഴ ജില്ലയിൽ കഴിഞ്ഞ 6 മാസത്തിനുള്ളിൽ ആലപ്പുഴ മുനിസിപ്പാലിറ്റിക്കും സമീപ 8 പഞ്ചായത്തുകൾക്കുമായുള്ള കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ 7 തവണയും ചേർത്തല നഗരസഭയ്ക്കും സമീപ പഞ്ചായത്തുകൾക്കുമായുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായ വിതരണ ശൃംഖലയിൽ 4 തവണയും വലിയ പൈപ്പ് പൊട്ടൽ ഉണ്ടായിട്ടുണ്ട്. മേൽപ്പറഞ്ഞ വലിയ പൈപ്പ് പൊട്ടൽ ഉൾപ്പെടെ കഴിഞ്ഞ 6 മാസത്തിനുള്ളിൽ ആലപ്പുഴ ജില്ലയിലെ ആകെ പൈപ്പ് ലീക്കുകളുടെ എണ്ണം 5393 ആണ്. ഇവ യഥാസമയം പരിഹരിച്ച് കേരള വാട്ടർ അതോറിറ്റി കുടിവെള്ള വിതരണം നടത്തി വരുന്നുണ്ട്. |
| (ബി) | പൈപ്പ് ലൈൻ അകാരണമായി തകരാറിലാകുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ആയതിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്; പൈപ്പ് ലൈനുകൾ പൊട്ടുന്ന വിവരം ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് അവ സമയബന്ധിതമായി പരിഹരിക്കുവാനുള്ള നടപടിയും സ്വീകരിച്ചു വരുന്നുണ്ട്. 2000-01 കാലഘട്ടത്തിന് മുൻപുള്ള പദ്ധതികളിൽ ഉപയോഗിച്ചിരുന്ന എ.സി, പ്രീമോ, |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | പൈപ്പുകളുടെ കാലപ്പഴക്കം മൂലവും റോഡുവികസനം വ്യാപകമായപ്പോൾ (പ്രത്യേകിച്ചും റോഡ് വീതി കൂട്ടുമ്പോൾ) പഴയ റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ റോഡിന്റെ നടുവിലാകുന്നതു മൂലവും പൊട്ടലുണ്ടായി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>കൂടാതെ ജലവിതരണ ശൃംഖലയിലെ ചോർച്ച വഴിയുള്ള ജലനഷ്ടം കുറക്കുന്നതിലേക്കായി വിതരണ ശൃംഖലയിലെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി നടത്തിവരുന്നു. ഇതിനായി എല്ലാ ഡിവിഷൻ ഓഫീസുകളുടെ കീഴിലും റണ്ണിംഗ് കോൺട്രാക്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വാട്ടർ കണക്ഷനുകളിലെ ചോർച്ച കണ്ടെത്തി പരിഹരിക്കുവാൻ ഉപഭോക്താക്കൾക്ക് നോട്ടീസ് നൽകിയും വീഴ്ച വരുത്തിയാൽ വിച്ഛേദിച്ചും നടപടികൾ സ്വീകരിക്കാറുണ്ട്. ചില നഗരങ്ങളിൽ പൈപ്പ് പൊട്ടലുകൾ വളരെ വേഗത്തിൽ പരിഹരിക്കുന്നതിന് ബ്ലൂ ബ്രിഗേഡ് സംവിധാനം നിലവിൽ പ്രവർത്തിക്കുന്നു. |
| (സി) | കുടിവെള്ള പൈപ്പ്ലൈൻ പൊട്ടിയതു സംബന്ധിച്ച അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടികൾ സ്വീകരിച്ചു; | (സി) | ആലപ്പുഴ കുടിവെള്ള പദ്ധതിയിൽ സ്ഥാപിച്ച 1000 എം.എം.എച്ച്.ഡി.പി.ഇ. പൈപ്പ് അടിക്കടി പൊട്ടുന്നതുമായി ബന്ധപ്പെട്ട് നടത്തിയ പ്രാഥമിക |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | വിവരിക്കുമോ; | | അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപണ വിധേയരായ നാല് ഉദ്യോഗസ്ഥരെ സർവീസിൽ നിന്നും സസ്‌പെൻഡ് ചെയ്തിട്ടുണ്ട്. വിശദമായ അന്വേഷണം തുടങ്ങി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഭാവിയിൽ ഇത്തരത്തിൽ പൈപ്പ് ലൈനുകൾ പൊട്ടുന്നത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (ഡി) | • പൈപ്പുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി പൈപ്പുകൾ വാങ്ങുമ്പോൾ കേരള വാട്ടർ അതോറിറ്റി തേർഡ് പാർട്ടി മുഖേന പ്രീ-ഡെലിവറി ഇൻസ്‌പെക്ഷൻ നടത്തുന്നുണ്ട്.<br>• ഗുണനിലവാരം പൂർണ്ണമായും ഉറപ്പു വരുത്തുന്നതിനായി പോസ്റ്റ് ഡെലിവറി ടെസ്റ്റിംഗ് നടത്താൻ CIPET തുടങ്ങിയ ഏജൻസികളെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>• പദ്ധതി പ്രദേശങ്ങളിൽ പൈപ്പ് ഇട്ടതിന് ശേഷം water pressure test നടത്തി എന്തെങ്കിലും അപാകതകൾ കണ്ടാൽ ഉടനെ തന്നെ ആ പൈപ്പുകളെ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കാറുണ്ട്.<br>• കൂടുതൽ സമ്മർദ്ദം വരുന്ന പൈപ്പുകളിൽ പ്രഷർ റിലീസ് വാൽവുകൾ സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | • സർക്കാരിന്റെ പരിഗണനയിലുള്ള എ.ഡി.ബി ധന സഹായത്തോടെ തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ 24X7 ജലവിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതിയിൽ വിതരണ ശൃംഖലയെ വിവിധ മേഖലകളായി തിരിച്ച് ഡി. എം. എ. (ഡിസ്ട്രിക്റ്റ് മീറ്ററിംഗ് ഏരിയ) സ്ഥാപിച്ച് ജല വിതരണം കാര്യക്ഷമമാക്കുകയും ജല ചോർച്ച നിയന്ത്രണത്തിലാക്കുകയും ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പൂർത്തിയാകുമ്പോൾ നിലവിലെ ജലചോർച്ച ദേശീയ ബെഞ്ച് മാർക്ക് നിലവാരമായ 20%-ൽ എത്തിക്കുവാനും ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ